# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 269** 07/08/2017-ൽ മറുപടിക്ക്

## പകർച്ചപ്പനി

**ചോദ്യം**

**ശ്രീ.സി.കെ. ഹരീന്ദ്രൻ**

എ) പകർച്ചപ്പനി മൂലം മരണപ്പെട്ടവരുടെ കുടുംബത്തിന് ധനസഹായം അനുവദിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

ബി) പകർച്ചപ്പനി പ്രതിരോധിക്കുന്നതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത് എന്നും ആയതിലേക്കായി കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ എന്നും വിശദമാക്കാമോ;

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) തൽക്കാലം പരിഗണനയിലില്ല

ബി) പകർച്ചപ്പനി പ്രതിരോധിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- പകർച്ചവ്യാധികൾ ഉണ്ടാകുന്നത് നേരത്തേ തന്നെ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗനിരീക്ഷണവും കൊതുകുനിരീക്ഷണവും ശക്തിപ്പെടുത്തി.
- പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതാത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല വിദഗ്ധ സമിതികൾ സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി.
- കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ISS), വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ(ഫോഗിങ്ങ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തു വരുന്നു.
- എലിപ്പനി പ്രതിരോധത്തിന്റെ ഭാഗമായി രോഗ സാധ്യസതയുള്ള തൊഴിലുകളിൽ ഏർപ്പെടുന്നവർക്ക് രോഗ പ്രതിരോധ ഗുളിക വിതരണം ശക്തിപ്പെടുത്തി.
- കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷനും, പനി ചികിത്സാ ബോധവൽക്കരണവും നടത്തുകയുണ്ടായി.
- സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സർവ്വകക്ഷി-യോഗത്തിന്റെ തീരുമാനപ്രകാരം

ജൂൺ 27, 28, 29 തീയതികളിൽ സംസ്ഥാന വ്യാപകമായി ശുചീകരണ യജ്ഞം നടത്തി

- മെയ് 19 നും ജൂൺ 19 നും സംസ്ഥാനതല റാപ്പിഡ് റെസ്പോൺസ് ടീം (RRT) യോഗം 2 പ്രാവശ്യം കൂടി സംസ്ഥാനത്തെ, പകർച്ചവ്യാധി സ്ഥിതിഗതികൾ വിലയിരുത്തി.
- ജൂൺ 29 മുതൽ ജൂലൈ 3 വരെയും ജൂലൈ 17 നും ആയി രണ്ട് കേന്ദ്ര വിദഗ്ധ സംഘങ്ങൾ സംസ്ഥാനത്ത് എത്തി സ്ഥിതിഗതികൾ വിലയിരുത്തി.
- മരുന്നുകൾ, ടെസ്റ്റുകിറ്റുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി.
- രോഗികൾക്ക് തൃപ്തികരമായ സേവനം നൽകുവാൻ ഒ.പി സമയം ദീർഘിപ്പിച്ചു.

പകർച്ചപ്പനി പ്രതിരോധിക്കുന്നതിനായി പ്രത്യേക കേന്ദ്രസഹായം ലഭിച്ചിട്ടില്ല

| | | | |
|---|---|---|---|
| **സി)** | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ആരോഗ്യ മേഖലയ്ക്കായി കേന്ദ്ര സർക്കാർ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ? | **സി)** | 1. National Vector Borne Disease Control Programme (NVBDCP)-ന് 2016-17 വർഷത്തിൽ 699.71 ലക്ഷം രൂപയും 2017-18 വർഷത്തിൽ 373.63 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br>2. Integrated Disease Surveillance Programme (IDSP)-യ്ക്ക് 2016-17 വർഷത്തിൽ 168.86 ലക്ഷം രൂപയും 2017-18 വർഷത്തിൽ 182.60 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**